# എറണാകുളം - അങ്കമാലി അതിരൂപത
## വിശ്വാസപരിശീലനകേന്ദ്രം
## ഒന്നാം സെമസ്റ്റർ പരീക്ഷ

07.10.2018 — മാർക്ക് - 50

10.30AM-12.30PM — **STD - XI** — സമയം - 2 മണിക്കൂർ

**നിർദ്ദേശങ്ങൾ:** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക.

**A. ഏറ്റവും ശരിയായ ഉത്തരം തിരഞ്ഞെടുത്തെഴുതുക — 1x 5=5**

1. "നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തുവാണ്"

   1. മത്തായി 16,16  2.മത്തായി 8,16  3. മത്തായി 12,11

2. ക്രിസ്തുവിൽ വിശ്വസിച്ചവർ ക്രിസ്ത്യാനികൾ എന്ന് ആദ്യമായി വിളിക്കപ്പെട്ടത് എവിടെവെച്ചാണ്?

   1. ലിസ്ത്രായിൽവച്ച്  2. അന്ത്യോക്യായിൽവച്ച്  3.യൂദയായിൽവച്ച്

3. കൊല്ലാൻ കൊണ്ട് പോകുന്ന കുഞ്ഞാടിനോട് ഈശോയെ ഉപമിച്ച പ്രവാചകൻ

   1. ഒബാദിയ  2. ഏശയ്യ  3. സഖറിയ

4. ദൈവത്തിന്റെ പരിപൂർണ്ണ പ്രതിച്ഛായയും പ്രതിരൂപവുമാണ്

   1. ഈശോ  2. വിശുദ്ധർ  3. മനുഷ്യർ

5. ക്രൈസ്തവലോകദർശനത്തിന്റെ അടിസ്ഥാനം

   1. ഭൗമിക ഭവനം  2. സ്ഥിരവാസസ്ഥലം  3. സ്വർഗ്ഗം

**B. പൂരിപ്പിക്കുക — 1x 5=5**

6. താൻ ചെയ്യുന്നത് തെറ്റാണെന്നറിഞ്ഞിട്ടും അതുതന്നെ ചെയ്യുന്നവന്റെ മനസാക്ഷി —— മനസാക്ഷിയാണ്

7. മനുഷ്യനെ സംബന്ധിച്ചിടത്തോളം ————മുഖേനയാണ് അവൻ ദൈവീക നിയമങ്ങളനുസരിച്ചുള്ള കടമകൾ കണ്ടറിഞ്ഞ് അംഗീകരിക്കുന്നത്

8. ഉന്നതമായ ലക്ഷ്യവും ——— ഉം ആണ് വ്യക്തിത്വ വികാസം നേടുന്നതിനുള്ള ഏറ്റവും നല്ല മാർഗ്ഗം

9. ദൈവം നൽകിയ സവിശേഷ ദാനമാണ്———

10. "ഞാൻ നിങ്ങളോട് പറയുന്നു, മനുഷ്യരുടെ മുമ്പിൽ എന്നെ ഏറ്റുപറയുന്ന ———— മനുഷ്യപുത്രനും ഏറ്റുപറയും" (ലൂക്കാ 12, 8)

**C. മൂന്നോ നാലോ വാചകങ്ങളിൽ ഉത്തരമെഴുതുക — 2x7=14**

11. ക്രിസ്ത്യാനി മറ്റൊരു ക്രിസ്തുവാണ് എന്നുപറയുന്നതിന്റെ അർത്ഥമെന്താണ്.

12. ഈശോ ലോകരക്ഷനാണെന്നു പറയുന്നതിന്റെ അർത്ഥമെന്താണ്?

13. ഈശോയുടെ ചരിത്രപരതക്ക് ഉറപ്പുള്ള തെളിവാണ് ആദിമ സഭാസമൂഹത്തിന്റെ വിശ്വാസപ്രഘോഷണം. വ്യക്തമാക്കുക.

14. സുവിശേഷത്തിലെ വിശിഷ്ട ഉപദേശങ്ങൾ.

15. മഹാരാഷ്ട്രയിൽ മിഷണറിയായ സി.ലൂസി കുര്യൻ 'മാഹെർ' (അമ്മവീട്) എന്ന സ്ഥാപനത്തിലൂടെ ചെയ്യുന്ന സേവനമെന്ത്?

16. 'ഈശോ ക്ഷമാശീലൻ'- വ്യക്തമാക്കുക.

17. കാരുണ്യപ്രവൃത്തികളിലെ ആദ്ധ്യാത്മികങ്ങൾ എഴുതുക

**D. മൂന്ന് ചോദ്യങ്ങളിൽ രണ്ടെണ്ണത്തിന് ഒരു പേജിൽ കുറയാതെ എഴുതുക.**

**5X2=10**

18. വിവിധതരം മനസാക്ഷികൾ വിശദീകരിക്കുക

19. ക്രൈസ്തവജീവതദർശനത്തിന്റെ അഞ്ചുതലങ്ങളെപ്പറ്റി വിശദീകരിക്കുക

20. ജീവനെതിരെയുള്ള വെല്ലുവിളികൾ വിശദീകരിക്കുക

**E. രണ്ടു പേജിൽ കുറയാതെ ഉത്തരമെഴുതുക** **6X1=6**

21. സാമൂഹ്യമാധ്യമങ്ങളെ ഈ കാലഘട്ടത്തിൽ എങ്ങനെ സുവിശേഷവത്കരണത്തിന് പ്രയോജനപ്പെടുത്താം. നിങ്ങളുടെ ആശയങ്ങൾ പങ്കുവെയ്ക്കുക. പ്രളയകാലത്ത് സാമൂഹ്യമാധ്യമങ്ങളിലൂടെ നടന്ന പ്രചരണങ്ങളെ നിങ്ങൾ എങ്ങിനെ വിലയിരുത്തുന്നു?

| | |
|---|---|
| 22. ഇന്റേണൽ അസ്സെസ്സ്മെന്റ്: കാണുക *വചനദീപം* 42 | 10 |

# ഉത്തരസൂചിക പതിനൊന്നാം ക്ളാസ് - ഒന്നാം സെമസ്റ്റർ

1. Mathew 16:16 (L1, Page-10, 2nd Paragraph,
2. അന്ത്യോക്യയിൽ വച്ച്, (L2, Page-20, 1st Paragraph)
3. ഏശയ്യ (L3, Page-26, 3rd Paragraph)
4. ഈശോ (L4, Page-32, 2nd Paragraph)
5. ഭൗമീക ഭവനം (L5, Page-37, 2nd Paragraph)
6. പാപകരമായ മനസാക്ഷി (L6, Page 43, 4th Paragraph)
7. സ്വന്തം മനസാക്ഷി (L6, Page-43, 2nd Paragraph)
8. കഠിനദ്ധ്യാനം (L4, Page-31, 1st Paragraph)
9. ജീവൻ (L7, Page-49, 3rd Paragraph)
10. ഏതൊരുവനെയും ദൈവദൂതന്മാരുടെ മുമ്പിൽ (Luke:12.8, Bible)
11. യഥാർത്ഥ ക്രൈസ്തവൻ ശരിയായ അർത്ഥത്തിൽ മറ്റൊരു ക്രിസ്തുവാണ്. നല്ല ക്രിസ്തീയ വ്യക്തിത്വം ഉള്ളവർ സമൂഹത്തിനു ഒരുനുഗ്രഹമാണ്. വാക്കിലും പ്രവൃത്തിയിലും സത്യസന്ധതയും സുതാര്യതയും പുലർത്തിയ ക്രിസ്തുവിൻറെ വ്യക്തിത്വം നമ്മുടെ പാദങ്ങൾക്കു വിളക്കും വഴികളിൽ പ്രകാശവും ജീവിതത്തിൽ പ്രചോദനവും മാതൃകയുമാവണം. അവിടുത്തെ ജീവിത ദർശനവും മനോഭാവവും ജീവിതശൈലിയും സ്വന്തമാക്കി നാം വളരണം (Lesson 4, Pages 33-34)
12. പിതാവായ ദൈവം തൻറെ പ്രിയ പുത്രനായ ഈശോയെ ലോകത്തിലേക്കയച്ചത് ലോകത്തിനു രക്ഷ നൽകുന്നതിനുവേണ്ടിയാണ്. നമ്മെ പാപത്തിൻറെ ബന്ധനത്തിൽ നിന്നും മോചിച്ചു ദൈവീക ജീവനിൽ പങ്കുകാരാക്കുന്നതിനു വേണ്ടിയാണ് അവിടുന്ന് മനുഷ്യനായി അവതരിച്ചത്.ഒരു പ്രത്യേക ദേശത്തിനോ കാലത്തിനോ വംശത്തിനോ വേണ്ടിയുള്ളതല്ല ഈശോയുടെ രക്ഷ. അത് മാനവ കുലത്തിനു മുഴുവനുമുള്ളതാണ് . അതുകൊണ്ടാണ് ഈശോയെ ലോക രക്ഷകൻ എന്ന് വിളിക്കുന്നത് (Lesson 1, Pages 10-11)
13. ഈശോ ചരിത്ര പുരുഷനാണെന്നതിൻറെ ശക്തമായ തെളിവാണ് ആദിമസഭാസമൂഹത്തിൻറെ ജീവിതം. ഈശോയെക്കുറിച്ചും അവിടുത്തെ പ്രവർത്തനങ്ങളെക്കുറിച്ചും അപ്പസ്തോലന്മാർ പ്രഘോഷിച്ചു. വിശ്വാസികളുടെ സമൂഹം അനുദിനം വളർന്നു വന്നു. ആദിമസഭയുടെ തുടർച്ചയായി ലോകമെങ്ങും വ്യാപിച്ചു നിലനിൽക്കുന്ന ക്രൈസ്തവരുടെ സാന്നിധ്യവും ഈശോയുടെ ചരിത്രപരതക്കുള്ള സാക്ഷ്യമാണ് (Lesson 2, Pages 19-20)
14. നമസ്കാരങ്ങൾ, No. 32.
15. Sathyadeepam (2018 June 28-July 4)(Page-1)
16. തെറ്റ് ചെയ്തവരോട് ഈശോ ക്ഷമിക്കുകയും ക്ഷമിക്കണമെന്നു മറ്റുള്ളവരെ പഠിപ്പിക്കുകയും ചെയ്തു. കുരിശിൽ കിടന്നുകൊണ്ട് കുരിശിലേറ്റിയവരോട് ക്ഷമിക്കണമെന്നു പിതാവിനോട് ഈശോ പ്രാർത്ഥിച്ചു. തന്നോട് തെറ്റ് ചെയ്യുന്നവരോട് ഏഴ് എഴുപതു പ്രാവശ്യം ക്ഷമിക്കണമെന്നു പഠിപ്പിച്ചു. ആരോടെങ്കിലും വിരോധമുണ്ടെങ്കിൽ അത് ക്ഷമിക്കണമെന്നു അവിടുന്ന് പഠിപ്പിച്ചു (Lesson 3, Page 27)

17. നമസ്കാരങ്ങൾ, No. 18
18. വിവിധ തരം മനഃസാക്ഷികൾ (5 തരവും എഴുതിയതിനുശേഷം ചെറിയ വിശദീകരണവും പ്രതീക്ഷിക്കുന്നു. ഒരു പേജിൽ കുറയാതെ എഴുതണമല്ലോ. Lesson 6, Pages 43-44)
19. ക്രിസ്തീയ ജീവിത ദർശനം : ദൈവദർശനം - ദൈവം നമ്മുടെ പിതാവ്, ആത്മദർശനം - നാം ദൈവത്തിൻറെ മക്കൾ, മനുഷ്യ ദർശനം - മനുഷ്യരെല്ലാം സഹോദരർ, ലോകദർശനം - ലോകം ഭൗമിക ഭവനം , സ്വർഗ്ഗ ദർശനം - സ്വർഗ്ഗം നമ്മുടെ ലക്ഷ്യം ( ഈ അഞ്ചു തലങ്ങളെക്കുറിച്ചുള്ള ചെറിയ വിശദീകരണവും പ്രതീക്ഷിക്കുന്നു. Lesson 5, Pages 36-37)
20. ജീവനെതിരെയുള്ള വെല്ലു വിളികൾ: ഭ്രൂണഹത്യ, കൊലപാതകം, ആത്മഹത്യ, കാരുണ്യവധം, ലഹരി വസ്തുക്കളുടെ ഉപയോഗം. (ഈ അഞ്ചു കാര്യങ്ങളും ഉത്തരത്തിൽ ഉണ്ടാകണം. കൂടാതെ ചെറിയ വിശദീകരണവും നൽകുമ്പോൾ ആണ് ഉത്തരം പൂർണമാകുന്നത്. Lesson 7, Pages 51-53)

# എറണാകുളം - അങ്കമാലി അതിരൂപത

## വിശ്വാസപരിശീലനകേന്ദ്രം

## ഒന്നാം സെമസ്റ്റർ പരീക്ഷ

05.11.2017 | മാർക്ക് - 50

10.30 am - 12.30 pm **STD - XI** സമയം - 2 മണിക്കൂർ

***നിർദ്ദേശങ്ങൾ:*** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക.

**A. ഏറ്റവും ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക** **1x 5=5**

1. തെറ്റേത്, ശരിയേത് എന്ന് നിശ്ചയിക്കാനാവാതെ എപ്പോഴും തീരുമാനം മാറ്റിക്കൊണ്ടിരിക്കുന്നവരുടെ മന:സാക്ഷിയാണ്

   1. സംശയ മന:സാക്ഷി 2. ചഞ്ചല മന:സാക്ഷി 3. ലാഘവ മന:സാക്ഷി

2. ഒരു വ്യക്തിയെ അവന്റെ വ്യക്തിത്വ വളർച്ചയിലേക്ക് നയിക്കുന്ന പ്രധാന ഘടകം

   1. ആത്മാവബോധം 2. ആത്മശക്തി 3. ആത്മപ്രകാശനം

3. 'നസ്രായനായ ഈശോയെ എന്റെ രക്ഷകനാണെന്നു കണ്ടെത്തിയതാണ് എന്റെ ജീവിതത്തിലെ ഏറ്റവും വലിയ കണ്ടുപിടുത്തം'.

   1. വില്യം ഷേക്സ്പിയർ 2. വില്യം ആമ്പിയർ 3. വില്യം ഫോക്ക്നർ

4. മനുഷ്യജീവന്റെ മഹത്വം വെളിപ്പെടുത്തുന്ന ദൈവപ്രമാണം

   1. ഒന്നാം പ്രമാണം 2. ഒൻപതാം പ്രമാണം 5. അഞ്ചാം പ്രമാണം

5. ലോകത്തിൽ ഏറ്റവും അധികം കത്തോലിക്കരുള്ള രാജ്യം

   1. ഇറ്റലി 2. അമേരിക്ക 3. ഫിലിപ്പിൻസ്

**B. പൂരിപ്പിക്കുക** **1x 5=5**

6. സുവിശേഷങ്ങളിൽ നാം കണ്ടുമുട്ടുന്ന ദൈവപുത്രനായ ക്രിസ്തുവിന്റെ അസ്തിത്വം നിഷേധിക്കാൻ ——— സാധ്യമല്ല.

7. യാത്രക്കാരുടെ മദ്ധ്യസ്ഥനായ ————, ഉപവി പ്രവർത്തനങ്ങളുടെ മദ്ധ്യസ്ഥനായ ——— നമുക്ക് നൽകുന്ന പ്രചോദനവും പ്രത്യാശയും എത്രയോ വലുതാണ്.

8. ക്രിസ്തീയ വ്യക്തിത്വത്തിന്റെ ഏറ്റവും ഉന്നതമായ പ്രകാശനമാണ്————

9. 'നിങ്ങൾ തുളസി, ചതകുപ്പ, ജീരകം എന്നിവയ്ക്ക് ദശാംശം കൊടുക്കുകയും നിയമത്തിലെ ഗൗരവമേറിയ കാര്യങ്ങളായ ———, ———, ——— എന്നിവ അവഗണിക്കുകയും ചെയ്യുന്നു'. (മത്തായി 23:23)

10. സമാധാനം ഉണ്ടാക്കുന്നവർ ഭാഗ്യവാന്മാർ. എന്തുകൊണ്ടെന്നാൽ അവർ ———— വിളിക്കപ്പെടും.

**C. രണ്ടോ മൂന്നോ വാചകങ്ങളിൽ ഉത്തരമെഴുതുക** **2x 7=14**

11. ദൈവപുത്രാവബോധമാണ് ഈശോയുടെ ജീവിതത്തെ സ്വാധീനിച്ചിരുന്ന ശക്തി. വിശദമാക്കുക.
12. ക്രിസ്തീയ മന:സാക്ഷി രൂപീകരണത്തിന് മാർഗ്ഗദർശകമായ രണ്ടു ഘടകങ്ങൾ വിശദമാക്കുക.
13. അപ്പോക്രിഫൽ ഗ്രന്ഥങ്ങൾ എന്നതുകൊണ്ട് അർത്ഥമാക്കുന്നത് എന്ത്? രണ്ടു അപ്പോക്രിഫൽ ഗ്രന്ഥങ്ങളുടെ പേരെഴുതുക.
14. ജീവനെതിരെ വെല്ലുവിളിയുയർത്തുന്ന കൊലപാതകം, ലഹരിവസ്തുക്കളുടെ ഉപയോഗം എന്നിവയെക്കുറിച്ച് എഴുതുക.
15. ക്രിസ്തു കേന്ദ്രീകൃതമായ വ്യക്തിത്വത്തിനു യോജിച്ച ക്രിസ്തീയ ജീവിതശൈലിയുടെ സവിശേഷതയായ സേവനതൽപരതയെക്കുറിച്ച് വിശദമാക്കുക.
16. മൂലപാപങ്ങൾ എഴുതുക.
17. വി. മർക്കോസിന്റെ സുവിശേഷം 10-ാം അദ്ധ്യായത്തിൽ ധനികനും ദൈവരാജ്യവും (17മുതൽ 25 വരെയുള്ള വാക്യങ്ങൾ) എന്ന ഭാഗത്ത് യേശുവിനോട് ഒരു മനുഷ്യൻ ഉന്നയിക്കുന്ന ചോദ്യവും യേശു അവനെ കടാക്ഷിച്ചുകൊണ്ട് അവസാനം പറയുന്ന ഉത്തരവും എഴുതുക.

**D. മൂന്ന് ചോദ്യങ്ങളിൽ രണ്ടെണ്ണത്തിന് ഒരു ഖണ്ഡിക (പാരഗ്രാഫ്) വീതം എഴുതുക.** **5x 2=10**

18. ഈശോയുടെ വ്യക്തിത്വത്തിന്റെ സവിശേഷതകളായ ശാന്തത, വിനീതഭാവം, കരുണ എന്നിവയോട് നമുക്ക് എങ്ങനെ അനുരുപരാകാം ?
19. ജീവസംസ്കാരം വളർത്താൻ നാം ചെയ്യേണ്ട കാര്യങ്ങൾ എന്തൊക്കെയാണ് ? വിശ്വാസ പരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്ന വ്യക്തി എന്ന നിലയിൽ നിങ്ങൾക്ക് ഏതു രീതിയിൽ സഹകരിക്കാൻ സാധിക്കും?
20. ക്രിസ്തീയ ജീവിതദർശനത്തിന്റെ അഞ്ചു തലങ്ങളെക്കുറിച്ച് വിശദമാക്കുക.

**E. രണ്ടു പേജിൽ കുറയാതെ ഉത്തരമെഴുതുക** **6x 1=6**

20. രാഷ്ട്രീയവും മതപരവുമായ തീവ്രവാദ നിലപാടുകൾ യുവജനങ്ങൾ എടുക്കുമ്പോൾ അവർ ജീവന്റെ സംരക്ഷകരാവുകയാണോ, ഘാതകരാകുകയാണോ? ജീവന്റെ മൂല്യത്തെയും മഹത്വത്തെയും മുൻ നിർത്തി സമകാലിക പശ്ചാത്തലത്തിൽ ഉപന്യസിക്കുക.

| | |
|---|---|
| 21. ഇന്റേണൽ അസ്സെസ്സ്മെന്റ് : വചനദീപം പേജ് 33 | 10 |

# പതിനൊന്നാം ക്ലാസ്സ് - ഉത്തരങ്ങൾ
## ഒന്നാം സെമസ്റ്റർ പരീക്ഷ - നവംബർ 05, 2017

A.ബ്രാക്കറ്റിൽ നിന്നും ഏറ്റവും ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക (1x5)

1. 6/43 (last Para) ചഞ്ചല മന:സാക്ഷി
2. 4/32 (1st Para) ആത്മാവബോധം
3. 1/9 (1st Para) വില്യം ആമ്പിയർ
4. 7/50 അഞ്ചാം പ്രമാണം
5. Sathyadeepam July 20-26 ഫിലിപ്പിൻസ്

B. പൂരിപ്പിക്കുക. (1x5)

6. 2/19 (3rd Para) സത്യാന്വേഷികൾക്ക്
7. 4/33 (2nd Para) വി. ക്രിസ്റ്റഫറും, വി. വിൻസെന്റ് ഡി പോളും
8. 5/40 (2nd Para) ശത്രുസ്നേഹം
9. മത്തായി .23:23 നീതി, കാരുണ്യം, വിശ്വസ്തത
10. Namaskarangal page 14; no. 20 ദൈവപുത്രരെന്നു

C. രണ്ടോ മൂന്നോ വാചകങ്ങളിൽ ഉത്തരമെഴുതുക (2x7)

11. 3/23 (2nd Para) ഈശോയുടെ മാമ്മോദീസാവേളയിലും രൂപാന്തരീകരണ വേളയിലും തന്റെ പ്രിയ പുത്രനാണെന്ന് ദൈവം വെളിപ്പെടുത്തി. പിതാവുമായി അഭേദ്യ ബന്ധത്തിലാണ് ഈശോ ജീവിച്ചത്. പ്രാർത്ഥനയിലൂടെ പിതാവുമായി സംസാരിച്ചിരുന്നു. പിതാവിന്റെ ഇഷ്ടം നിറവേറ്റുകയായിരുന്നു ഈശോയുടെ ജീവിത ലക്ഷ്യം പിതാവിനാൽ അയക്കപ്പെട്ടുവെന്നും പിതാവ് ഏല്പിച്ച ദൗത്യം പൂർത്തിയാക്കുകയാണ് തന്റെ ജീവിത ലക്ഷ്യമെന്നും ഈശോയ്ക്കു ബോധ്യമുണ്ടായിരുന്നു.
12. 6/46-47 ക്രിസ്തുവിൽ വിശ്വസിക്കുന്നവർക്ക് അവരുടെ വിശ്വാസം തന്നെയാണ് മന:സാക്ഷിയുടെ അടിസ്ഥാനം. 1. ദൈവവചനം - മന:സാക്ഷി രൂപീകരണത്തിൽ വചനാധിഷ്ഠിതമായ സമീപനം. ഉത്തമമന:സാക്ഷി രൂപികരിക്കുന്നതിൽ ബൈബിളിന് വലിയ സ്ഥാനമുണ്ട്. 2. സഭാപ്രബോധനങ്ങൾ - തിരുസഭയുടെ കല്പനകൾ, രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ, കത്തോലിക്ക സഭയുടെ മതബോധനഗ്രന്ഥം, ചാക്രിക ലേഖനങ്ങൾ, തുടങ്ങിയവ ശരിയായ ക്രൈസ്തവ മന:സാക്ഷി രൂപീകരിക്കാൻ സഹായിക്കുന്ന ഘടകങ്ങളാണ്. 3. പരിശുദ്ധാത്മാവിന്റെ പ്രചോദനം - മന:സാക്ഷിയെ നന്മയിൽ നിലനിർത്തുന്ന നിർണായക ശക്തി പരിശുദ്ധാത്മാവാണ്. മന:സാക്ഷിയുടെ തീരുമാനങ്ങളിൽ പരിശുദ്ധാത്മാവിന്റെ സഹായമുണ്ടായിരിക്കും. (ഏതെങ്കിലും രണ്ടെണ്ണം എഴുതിയാൽ മതി)
13. 2/18 (3rd Para) ഔദ്യോഗികമായി വി. ഗ്രന്ഥത്തിലെ പുസ്തകങ്ങളുടെ ഗണത്തിൽ പെടാത്തതാണ് അപ്പോക്രിഫൽ ഗ്രന്ഥങ്ങൾ. ഈശോയെക്കുറിച്ച് എഴുതപ്പെട്ടതും സഭ ഔദ്യോഗികമായി അംഗീകരിക്കാത്തതുമായ ഗ്രന്ഥങ്ങൾ. ഉദാ. തോമായുടെ നടപടികൾ, ഹെബ്രായരുടെ സുവിശേഷം, നസ്രായരുടെ സുവിശേഷം, പത്രോസിന്റെ സുവിശേഷം (ഏതെങ്കിലും രണ്ടു ഉദാഹരണങ്ങൾ മതി)
14. 7/52-53 വിദ്വേഷത്തോടയോ ദുരുദ്ദേശ്യത്തോടെയോ ബോധപൂർവ്വം നടത്തുന്ന മനുഷ്യവധമാണ് കൊലപാതകം. മറ്റൊരാളുടെ ജീവനെ നശിപ്പിക്കുന്ന ക്രൂരകൃത്യം. മഹാപാതകവും ദൈവഹിതത്തിന് വിരുദ്ധമായ പ്രവൃത്തിയുമാണ് ലഹരി വസ്തുക്കളുടെ ഉപയോഗവും ജീവനെതിരെയുള്ള പ്രവൃത്തിയാണ്. ലഹരി വസ്തുക്കൾ മനുഷ്യ ജീവന്റെ നാശത്തിന് കാരണമാകുന്നു. പരോക്ഷവും സാവാധാനത്തിലുള്ളതുമായ ആത്മഹത്യയാണിത് ദൈവത്തോടും കുടുംബത്തോടും സമൂഹത്തോടുമുള്ള കടമ നിറവേറ്റുന്നതിൽ നിന്നും ലഹരിയുടെ ഉപയോഗം മനുഷ്യനെ തടസ്സപ്പെടുത്തുന്നു.
15. 5/40 (3rd Para) പാപികളും ദരിദ്രരും രോഗികളും അനാഥരും ഒന്നും ഒഴിവാക്കപ്പെടാതെ അംഗീകരിക്കപ്പെടുന്നതും അവർക്ക് ശുശ്രൂഷ ചെയ്യുന്നതും ക്രിസ്തീയ വ്യക്തിത്വത്തിന്റെ സവിശേഷതയാണ് . ക്രിസ്തുവിന്റെ വാക്കുകളാണ് പ്രചോദനം. ആരെയും അകറ്റി നിർത്താതെ ഉപാധികളൊന്നുമില്ലാതെ എല്ലാവരെയും ഹൃദയത്തിൽ ഇടം നൽകി അംഗീകരിക്കുക, ആദരിക്കുക - ഇതാണ് നമ്മുടെ വിളി. ഹൃദയവിശാലതയോടെ പെരുമാറുക, ഔദാര്യത്തിന്റെ ശീലങ്ങൾ വളർത്തി പങ്കുവയ്ക്കുക.
16. Namaskarangal page 15; no. 22. നിഗളം, ദ്രവ്യാഗ്രഹം, മോഹം, കോപം, കൊതി, അസൂയ, മടി

17. Mark. 10: 17-25 ധനികൻ: "നല്ലവനായ ഗുരോ, നിത്യജീവൻ അവകാശമാക്കാൻ ഞാൻ എന്തു ചെയ്യണം?". യേശു: "നിനക്ക് ഒരു കുറവുണ്ട്. പോയി നിനക്കുള്ളതെല്ലാം വിറ്റ് ദരിദ്രർക്ക് കൊടുക്കുക. അപ്പോൾ സ്വർഗ്ഗത്തിൽ നിനക്ക് നിക്ഷേപമുണ്ടാകും".

**D. മൂന്ന് ചോദ്യങ്ങളിൽ രണ്ടെണ്ണത്തിന് ഉത്തരമെഴുതുക. മിനിമം അരപേജ് ഉണ്ടായിരിക്കണം. വിശദീകരണത്തേക്കാളുപരി. പ്രധാനപ്പെട്ട ആശയങ്ങൾ ഉണ്ടോയെന്ന് പരിശോധിക്കുക. (5x2)**

18. 3/26-27 ഈശോയുടെ വ്യക്തിത്വത്തിലെ രണ്ടു പ്രത്യേക സവിശേഷതകളായ ശാന്തതയും വിനീതിഭാവവും യേശുവിന്റെ തന്നെ വചനങ്ങളിൽ നിന്നു വ്യക്തമാണ്. ഞാൻ ശാന്തശീലനും വിനീത ഹൃദയനുമാകയാൽ എന്നിൽ നിന്നു പഠിക്കുവിൻ. ഇത് എല്ലാവരും സ്വന്തമാക്കണമെന്ന് ഈശോ ആഗ്രഹിക്കുന്നു. പ്രവാചകവചനങ്ങളിലും ഈശോയുടെ ശാന്തശീലത്തെക്കുറിച്ച് പറയുന്നുണ്ട്. വിചാരണവേളയിലും, കാൽവരിയാത്രയിലും കുരിശുമരണത്തിലും ശാന്തത കൈവെടിയാത്ത ഈശോ നമ്മുടെ ജീവിതത്തിന് ഉദാത്ത മാതൃകയാണ്. ശിഷ്യന്മാരുടെ പാദങ്ങൾ കഴുകി വിനയത്തിന്റെ മാതൃക നല്കി. ഒന്നാമനാകാൻ ആഗ്രഹിക്കുന്നവൻ എല്ലാവരുടെയും ശുശ്രൂഷകനാകണമെന്ന് പഠിപ്പിച്ചു. പ്രമുഖ സ്ഥാനങ്ങൾ തെരഞ്ഞെടുക്കുന്നവരെ കണ്ടപ്പോൾ തന്നെ തന്നെ ഉയർത്തുന്നവൻ താഴ്ത്തപ്പെടുമെന്ന് ഈശോ ഓർമ്മിപ്പിച്ചു.

19. 7/54-55 ആധുനിക കാലത്തെക്കുറിച്ച് സംസാരിക്കുമ്പോൾ "മരണ സംസ്ക്കാര"ത്തെക്കുറിച്ച് ജോൺപോൾ രണ്ടാമൻ മാർപ്പാപ്പ സംസാരിക്കുന്നുണ്ട്. ജീവനെതിരെയുള്ള തിന്മകളും പ്രകൃതിയോടുള്ള കടന്നാക്രമണവും മാനവസമൂഹത്തെ ഒരു മരണസംസ്കാരത്തിലേക്കാണ് നയിക്കുന്നത്. ഈ പ്രതിസന്ധിയെ അതിജീവിക്കാനുള്ള പോംവഴിയാണ് ജീവസംസ്ക്കാരം വളർത്തുകയെന്നത്. ഇതിന് ശ്രദ്ധിക്കേണ്ട ചില പ്രത്യേക കാര്യങ്ങൾ 1. ജീവന്റെ മഹത്വത്തെക്കുറിച്ച് ബോധമുള്ളവരാകണം, ക്ലാസ്സുകളിലൂടെയും പ്രബോധന മാധ്യമങ്ങളിലൂടെയും മറ്റും ജീവന്റെ മഹത്വത്തെക്കുറിച്ച് പഠിച്ച് ബോധ്യമുള്ളവരാകാൻ ശ്രദ്ധിക്കണം. 2. ജീവന്റെ മഹത്വത്തെക്കുറിച്ച് പ്രഘോഷിക്കണം. 3. ജീവനെ ആദരിക്കുകയും സംരക്ഷിക്കുകയും ചെയ്യണം. ഇത് വ്യക്തിപരമായ തലത്തിലും സംഘടിതമായ തലത്തിലും നടക്കണം 4. കുഞ്ഞുങ്ങളെ കുടുംബത്തിന്റെ സമ്പത്തായി കരുതണം. ജീവൻ ദൈവദാനമാണെന്ന അവബോധത്തോടെ കുഞ്ഞുങ്ങൾക്ക് ജന്മം നല്കുവാൻ ദമ്പതികൾ ശ്രദ്ധിക്കണം. 5. പ്രോലൈഫ് പ്രവർത്തനങ്ങളിൽ ഏർപ്പെടണം.

20. 5/36-37 ക്രിസ്തീയ വ്യക്തിത്വത്തിന് തനിമയും മഹിമയും നൽകുന്നത് അതിൽ അന്തർഭവിച്ചിരിക്കുന്ന ജീവിത ദർശനമാണ്. ദൈവകേന്ദ്രീകൃതവും മനുഷ്യോന്മുഖവുമായ ജീവിതം ഈശോ നയിച്ചു. ക്രിസ്തീയ ജീവിത ദർശനത്തിന് പ്രധാനമായും അഞ്ചുതലങ്ങളാണുള്ളത്. 1 ദൈവം നമ്മുടെ പിതാവ് (ദൈവദർശനം) - ദൈവവുമായ ഒരു സവിശേഷ ബന്ധം സ്ഥാപിക്കാൻ കഴിയണം. സ്വർഗ്ഗസ്ഥനായ പിതാവെ എന്നു വിളിക്കാൻ പഠിപ്പിച്ചു. പിതാവ് പരിപൂർണ്ണനായിരുക്കുന്നതുപോലെ നമ്മളും പരിപൂർണ്ണരായിരിക്കണമെന്ന് ഈശോ ഉദ്ബോധിപ്പിച്ചു. 2. നാം ദൈവത്തിന്റെ മക്കൾ (ആത്മദർശനം) - മനുഷ്യരായ നമ്മൾ ദൈവമക്കൾ. ദൈവപുത്രനായ ഈശോയിലുള്ള വിശ്വാസത്തിലൂടെയാണ് നമ്മൾ ദൈവപുത്രാവബോധത്തിലേക്കും ജീവിതത്തിലേക്കും കടന്നുവരുന്നത്. 3. മനുഷ്യരെല്ലാം സഹോദരർ (മനുഷ്യദർശനം) - വിശ്വസാഹോദര്യത്തിന്റെ മഹത്തായ ദർശനമാണിത്. അപരനുമായുള്ള ബന്ധത്തിൽ പുലർത്തേണ്ട ക്രിസ്തീയ മനോഭാവങ്ങളെന്തെന്ന് ഇത് നമ്മെ പഠിപ്പിക്കുന്നു. എല്ലാവരെയും ഉൾക്കൊള്ളാൻ നമുക്ക് സാധിക്കുന്നു. സമരിയാക്കരന്റെ മാതൃക പ്രചോദനമാകേണ്ടതാണ്. 4. ലോകം ഭൗമിക ഭവനം (ലോകദർശനം) ഈ ലോകവും അതിലുള്ളതെല്ലാം ദൈവം സൃഷ്ടിച്ചു നൽകിയതാണ്. മനുഷ്യർക്ക് വസിക്കാനുള്ള താല്കാലിക ഭവനമാണിത്. ഈ ഭൗമിക ഭവനത്തിൽ ഏകോദര സഹോദരങ്ങളെപ്പോലെ ജീവിക്കണം. 5. സ്വർഗ്ഗം നമ്മുടെ ലക്ഷ്യം (സ്വർഗ്ഗദർശനം) - നിത്യജീവിതത്തെക്കുറിച്ച് വ്യക്തമായ ബോധ്യം നൽകുന്നു. അന്ത്യം മരണമല്ല. നിത്യജീവൻ പ്രാപിക്കുകയെന്നതാണ് ലക്ഷ്യം. എല്ലാ നന്മകളുടെയും ഉറവിടമായ ദൈവത്തെ പ്രാപിക്കുക. ജീവിതത്തിന്റെ പരമലക്ഷ്യം ദൈവത്തിലെത്തിച്ചേരുകയെന്നതാണ്.

**E. രണ്ടു പേജിൽ കുറയാതെ ഉത്തരമെഴുതുക (6x1)**

21.

22. ഇന്റേണൽ അസ്സസ്സ്മെന്റ്. (5+5=10)

# എറണാകുളം – അങ്കമാലി അതിരൂപത മതബോധനകേന്ദ്രം
## സൺഡേ സ്ക്കൂൾ ഒന്നാം സെമസ്റ്റർ പരീക്ഷ

**6 - 11 - 2016** | | **മാർക്ക് – 50**
---|---|---
**10.30 am - 12.30 pm** | **STD - XI** | **സമയം – 2 മണിക്കൂർ**

**ഒരുപേജിൽ കവിയാതെ ഉപന്യസിക്കുക** (ഏതെങ്കിലും മൂന്നെണ്ണം) **5x3=15**

**(ചോദ്യത്തിനനുസരിച്ച് അതാതു പാഠഭാഗവുമായി ബന്ധപ്പെടുത്തി വ്യക്തിപരമായ വിചിന്തനങ്ങളും ഉൾക്കാഴ്ചകളും ചേർത്തുവച്ച് ഉത്തരങ്ങൾ എഴുതുക.)**

1. ക്രിസ്തീയ ജീവിതമനോഭാവത്തിന്റെ സവിശേഷതകൾ വ്യക്തമാക്കുക. ഈ മനോഭാവങ്ങൾ നമ്മുടെ ജീവിതത്തിൽ വളർത്തിയെടുക്കുവാൻ വേദപാഠം നമ്മെ എങ്ങനെ സഹായിക്കുന്നു? വിലയിരുത്തുക. (അധ്യായം 5)
2. ഈശോയുടെ ചരിത്രപരതയ്ക്ക് സുവിശേഷങ്ങൾ നൽകുന്ന സാക്ഷ്യം വിശദമാക്കുക. സുവിശേഷപഠനത്തിന് നിങ്ങൾ നൽകുന്ന പ്രാധാന്യം എന്ത്? (അധ്യായം 2)
3. ജീവനെതിരായുള്ള വെല്ലുവിളികൾ ഏതെല്ലാം? ഈ വെല്ലുവിളികൾക്കെതിരെ ഒരു നവ ജീവസംസ്കാരം വളർത്തിയെടുക്കാൻ ക്രൈസ്തവരായ നാം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഏവ? (അധ്യായം 7)
4. സുവിശേഷങ്ങളിലൂടെ വെളിപ്പെടുത്തപ്പെട്ട ലോകരക്ഷകനും ലോകഗുരുവും, പൂർണ ദൈവവും പൂർണ മനുഷ്യനുമായ ഈശോയുടെ വ്യക്തിത്വ സവിശേഷതകളിൽ ഏതെങ്കിലും അഞ്ചെണ്ണം വിശദീകരിക്കുക. ഇതിൽ നിങ്ങളെ ഏറ്റവുമധികം ആകർഷിച്ച സവിശേഷത ഏത്? അതു സ്വന്തമാക്കാനുള്ള നിങ്ങളുടെ ശ്രമങ്ങൾ എന്തെല്ലാം (അധ്യായം 3)

**ഖണ്ഡിക എഴുതുക (ഏതെങ്കിലും മൂന്നെണ്ണം)** **3x3=9**

**(പാഠഭാഗത്തെ ഉത്തരങ്ങളാണ് എഴുതേണ്ടത്)**

5. ക്രിസ്തീയ വ്യക്തിത്വത്തിൽ വളരാൻ - ഈശോയുടെ മാതൃക അനുകരിക്കുക. (അധ്യായം 4)
6. ഈശോ എന്റെ രക്ഷകൻ (അധ്യായം 1)
7. ക്രിസ്തീയ മനഃസാക്ഷി രൂപീകരണത്തിൽ പരിശുദ്ധാത്മാവിന്റെ പ്രചോദനം. (അധ്യായം 6)
8. ആദിമസഭയുടെ വിശ്വാസപ്രഘോഷണം (അധ്യായം 2)

**ബൈബിൾ പഠനവും നമസ്ക്കാരങ്ങളും**

9. ദൈവവചനംഎഴുതുക. ലൂക്ക. 6:36. ‘‘നിങ്ങളുടെ....... **1 ½**
10. ‘‘മറ്റുള്ളവർ നിങ്ങളോട് എങ്ങനെ പെരുമാറണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നുവോ, അങ്ങനെതന്നെ നിങ്ങൾ അവരോടും പെരുമാറുവിൻ’’. സുവിശേഷം, അധ്യായം, വാക്യം ഏതെന്ന് എഴുതുക. **1 ½**

11 ''നിങ്ങൾ സഹോദരനോടു ഹൃദയപൂർവ്വം ക്ഷമിക്കുന്നില്ലെങ്കിൽ എന്റെ സ്വർഗസ്ഥനായ പിതാവ് നിങ്ങളോടും ഇതുപോലെ പ്രവർത്തിക്കും.'' (മത്താ. 18:35) സന്ദർഭം വിശദമാക്കി, വിചിന്തനം എഴുതുക. **2**

12. തിരുസഭയുടെ കല്പനകൾ അഞ്ച് എഴുതുക. **2 ½**

13. തിരുഹൃദയ ജപമാലയിലെ 'മിശിഹായുടെ ദിവ്യാത്മാവേ' തുടങ്ങി 'ഈശോയുടെ മാധുര്യമുള്ള തിരുഹൃദയമെ' വരെയുള്ള പ്രാർത്ഥന എഴുതുക. **2 ½**

**പൊതുചോദ്യം** **6**

**ക്രിസ്തീയ കാഴ്ചപ്പാടിൽ നിന്നുകൊണ്ട് ഉചിതമായ രീതിയിൽ രണ്ടുപേജിൽ കവിയാതെ ഉപന്യാസം തയ്യാറാക്കുക.**

14. സീറോമലബാർ സഭാ അസംബ്ലിയുടെ പ്രധാന ചർച്ചാവിഷയങ്ങളിലൊന്ന് ലാളിത്യമായിരുന്നു. ക്രൈസ്തവ ജീവിതത്തിൽ ലാളിത്യം എങ്ങനെ പ്രതിഫലിപ്പിക്കാമെന്ന് സമകാലിക സാഹചര്യങ്ങളെ പരിശോധിച്ച് ഉപന്യസിക്കുക.

15. **ഇന്റേണൽ അസ്സെസ്സ്മെന്റ് :** **10**

കുട്ടികളുടെ വിശുദ്ധ കുർബാനയിലെ പങ്കാളിത്തം (3 മാർക്ക്), വേദപാഠ ക്ലാസ്സിലെ ഭാഗഭാഗിത്വം (3 മാർക്ക്), ഫാമിലി യൂണിറ്റിലെ ഭാഗഭാഗിത്വം (2 മാർക്ക്), ഭക്തസംഘടനയിലെ ഭാഗഭാഗിത്വം (1 മാർക്ക്), മതാധ്യാപകന്റെ വിലയിരുത്തൽ (1 മാർക്ക്) എന്നിവ കണക്കാക്കി അധ്യാപകൻ 10-ൽ മാർക്ക് നൽകുന്നു.

# എറണാകുളം – അങ്കമാലി അതിരൂപത മതബോധനകേന്ദ്രം
# സൺഡേ സ്ക്കൂൾ ഒന്നാം സെമസ്റ്റർ പരീക്ഷ

**6 - 11 - 2016** | **മാർക്ക് – 50**
**10.30 am - 12.30 pm** | **STD - XI** | **സമയം – 2 മണിക്കൂർ**

**ഒരുപേജിൽ കവിയാതെ ഉപന്യസിക്കുക (ഏതെങ്കിലും മൂന്നെണ്ണം) 5x3=15**

**(ചോദ്യത്തിനനുസരിച്ച് അതാതു പാഠഭാഗവുമായി ബന്ധപ്പെടുത്തി വ്യക്തിപരമായ വിചിന്തനങ്ങളും ഉൾക്കാഴ്ചകളും ചേർത്തുവച്ച് ഉത്തരങ്ങൾ എഴുതുക.)**

1. 5/38, 39
2. 2/18, 19
3. 7/52, 53
4. 3/23-27

**ഖണ്ഡിക എഴുതുക (ഏതെങ്കിലും മൂന്നെണ്ണം) 3x3=9**

**(പാഠഭാഗത്തെ ഉത്തരങ്ങളാണ് എഴുതേണ്ടത്)**

5. 4/32
6. 1/13
7. 6/47
8. 2/19

**ബൈബിൾ പഠനവും നമസ്ക്കാരങ്ങളും**

9. ലൂക്കാ 6:36. ‘‘നിങ്ങളുടെ പിതാവ് കരുണയുള്ളവനായിരിക്കുന്നതു പോലെ നിങ്ങളും കരുണയുള്ളവരായിരിക്കുവിൻ’’ **1 ½**
10. ലൂക്കാ 6:31 **1 ½**
11 മത്താ. 18:35. സന്ദർഭം വിശദീകരിച്ച് വിചിന്തനം എഴുതുക. **2**
12. തിരുസഭയുടെ കല്പനകൾ അഞ്ച് - നമസ്ക്കാരങ്ങൾ പേജ് 10 **2 ½**
13. മിശിഹായുടെ ദിവ്യാത്മാവേ............. ഈശോയുടെ മാധുര്യമുള്ള തിരുഹൃദയമെ............. നമസ്ക്കാരങ്ങൾ പേജ് 26 **2 ½**

**പൊതുചോദ്യം 6**

**ക്രിസ്തീയ കാഴ്ചപ്പാടിൽ നിന്നുകൊണ്ട് ഉചിതമായ രീതിയിൽ രണ്ടുപേജിൽ കവിയാതെ ഉപന്യാസം തയ്യാറാക്കുക.**

14. പൊതു ചോദ്യം - 2 പേജിൽ കവിയാതെ ഉപന്യാസം

## എറണാകുളം – അങ്കമാലി അതിരൂപത മതബോധനകേന്ദ്രം
## സൺഡേ സ്ക്കൂൾ ഒന്നാം സെമസ്റ്റർ പരീക്ഷ

01 - 11 - 2015 | മാർക്ക് – 50
10.30 am - 12.30 pm | **STD - XI** | സമയം – 2 മണിക്കൂർ

*__നിർദ്ദേശങ്ങൾ__: ആദ്യത്തെ 4 ചോദ്യങ്ങൾ പാഠഭാഗത്തു നിന്നുള്ളവയാണ്. എന്നാൽ ഉത്തരങ്ങൾ അതേപടി എഴുതണം എന്ന് ഉദ്ദേശിക്കുന്നില്ല. ചോദ്യത്തിനനുസരിച്ച് അതാതു പാഠഭാഗവുമായി ബന്ധപ്പെടുത്തി വ്യക്തിപരമായ വിചിന്തനങ്ങളും ഉൾക്കാഴ്ചകളും ചേർത്തുവച്ച് ഉത്തരങ്ങൾ എഴുതുക. അവസാനത്തെ ചോദ്യത്തിന് (14) ക്രിസ്തീയ കാഴ്ചപ്പാടിൽ നിന്നുകൊണ്ട് ഉചിതമായ രീതിയിൽ ഉപന്യാസം തയ്യാറാക്കുക.*

**ഒരു പേജിൽ കവിയാതെ ഉപന്യസിക്കുക. (ഏതെങ്കിലും മൂന്നെണ്ണം) 15**

(അതാതു പാഠഭാഗവുമായി ബന്ധപ്പെടുത്തി വ്യക്തിപരമായ വിചിന്തനങ്ങളും ഉൾക്കാഴ്ചകളും ചേർത്തുവച്ച് ഉത്തരങ്ങൾ എഴുതുക.)

1. ഈശോ ഏകരക്ഷകനാണ് എന്നു പറയുന്നതിന്റെ അർത്ഥം എന്താണ്? ജീവിതത്തിന്റെ പ്രതിസന്ധികളിലും രോഗങ്ങളിലും ഏകരക്ഷകനായ ഈശോയെ വിട്ട് മന്ത്രവാദത്തിന്റേയും മറ്റു ദൈവങ്ങളുടേയും പുറകേ പോകുന്ന പ്രവണത ക്രിസ്ത്യാനിക്കു ചേരുന്നതാണോ? ഇത്തരം സാഹചര്യങ്ങളിൽ നമ്മുടെ നിലപാട് എന്തായിരിക്കണം? (അധ്യായം 1)
2. വ്യക്തമായ ജീവിതദർശനം രൂപപ്പെടുത്താത്തതിന്റെ അഭാവമാണ് പല ജീവിതങ്ങളുടെയും പരാജയത്തിനു കാരണം. ജീവിതദർശനം രൂപപ്പെടുത്തേണ്ട പ്രായത്തിലാണ് നിങ്ങളിപ്പോൾ. ഒരു ക്രൈസ്തവനെന്ന നിലയിൽ ദൈവത്തെക്കുറിച്ചും നിങ്ങളുടെ ലക്ഷ്യത്തെക്കുറിച്ചും നിങ്ങൾക്കുണ്ടായിരിക്കേണ്ട ദർശനങ്ങൾ പങ്കുവയ്ക്കുക. (അധ്യായം 5)
3. വിശ്വാസം യുക്തിയുടെ തലത്തിൽ നിന്നുകൊണ്ട് ചോദ്യം ചെയ്യപ്പെടുന്ന പ്രവണത എല്ലാ കാലഘട്ടത്തിലും ഉണ്ടായിരുന്നു. ഉള്ള വിശ്വാസം അന്ധവിശ്വാസമാകാതിരിക്കുവാൻ ഈ യുക്തിവിചാരണ സഹായകമാകാറുണ്ട്. അപ്രകാരം യുക്തിയുടെ തലത്തിൽ ക്രിസ്തുവിനെ അറിയാനുള്ള ശ്രമമായി, സുവിശേഷങ്ങളിലൂടെ മനസിലാകുന്ന ഈശോയുടെ ചരിത്ര സാദ്ധ്യതകളെ വിശദീകരിച്ചുകൊണ്ട് ആ അറിവുകൾ നിങ്ങളുടെ വിശ്വാസത്തെ എപ്രകാരമാണ് ബലപ്പെടുത്തിയതെന്ന് സ്പഷ്ടമാക്കുക. (അധ്യായം 2)
4. ഈ വിശ്വത്തെ സംബന്ധിച്ച ദൈവീകപദ്ധതിയിൽ സമുന്നതമായ സ്ഥാനം അലങ്കരിക്കുന്നുണ്ട് മനുഷ്യൻ. പക്ഷെ ആഗോളവത്ക്കരണത്തിന്റെ സാമൂഹ്യക്രമത്തിൽ പാവപ്പെട്ടവനെയും കഴിവില്ലാത്തവരെയുമൊക്കെ മൃഗതുല്യരായി തരംതാഴ്ത്തുന്ന കാഴ്ചയാണ് ചുറ്റിലുമുള്ളത്. ഈ സാമൂഹ്യവ്യവസ്ഥിതിയിൽ മനുഷ്യന്റെ മഹത്വത്തെക്കുറിച്ചു നിങ്ങൾക്കുള്ള നിലപാട് എന്താണ്? ആ നിലപാട് വ്യക്തമാക്കി നിങ്ങൾ പ്രവർത്തിച്ച ഒരു സംഭവം കൂടി സൂചിപ്പിച്ച് വിശദമാക്കുക. (അധ്യായം 7)

**ഖണ്ഡിക എഴുതുക. (ഏതെങ്കിലും മൂന്നെണ്ണം) 9**

പാഠഭാഗത്തെ ഉത്തരങ്ങളാണ് എഴുതേണ്ടത്.

5. ഈശോ പാപികളുടെ സ്നേഹിതൻ. വിശദമാക്കുക. (അധ്യായം 3)
6. ക്രിസ്തീയ ജീവിതത്തിന്റെ അടിസ്ഥാനം ദൈവസ്നേഹമാണ്. വിശദീകരിക്കുക. (അധ്യായം 5)
7. കാരുണ്യവധം ജീവനെതിരെയുള്ള വെല്ലുവിളി (അധ്യായം 7)
8. ക്രിസ്തീയ വ്യക്തിത്വത്തിൽ വളരാൻ ക്രിസ്തീയ ആത്മാവബോധം സ്വന്തമാക്കണമെന്ന് പറയുന്നതെന്തുകൊണ്ട്? (അധ്യായം 4)

**ബൈബിൾ പഠനവും നമസ്ക്കാരങ്ങളും**

9. യോഹന്നാൻ 3:3 ദൈവവചനം എഴുതുക. യേശു പറഞ്ഞു: സത്യം...... 1½
10. പിന്നീട് യേശു ദേവാലയത്തിൽ വച്ച് അവനെ കണ്ടപ്പോൾ പറഞ്ഞു: ഇതാ, നീ സൗഖ്യം പ്രാപിച്ചിരിക്കുന്നു. കൂടുതൽ മോശമായതൊന്നും സംഭവിക്കാതിരിക്കാൻ മേലിൽ പാപം ചെയ്യരുത്. സുവിശേഷം, അധ്യായം, വാക്യം ഏതെന്ന് എഴുതുക. 1½
11. വചനം മാംസമായി നമ്മുടെ ഇടയിൽ വസിച്ചു. അവന്റെ മഹത്വം നമ്മൾ ദർശിച്ചു - കൃപയും സത്യവും നിറഞ്ഞതും പിതാവിന്റെ ഏകജാതന്റേതുമായ മഹത്വം. (യോഹ. 1:14) വിചിന്തനം എഴുതുക. 2
12. കുമ്പസാരത്തിനുള്ള ജപം എഴുതുക. 2½
13. തിരുഹൃദയ ജപമാലയിലെ കാഴ്ചവയ്പ്പ് അഥവാ സമർപ്പണ പ്രാർത്ഥന എഴുതുക 2½

**പൊതുചോദ്യം (രണ്ടു പേജിൽ കവിയാതെ ഉപന്യസിക്കുക.) 6**

14. നമ്മൾ സമർപ്പിത വർഷം ആചരിക്കുകയാണ്. കത്തോലിക്കരെന്ന നിലയിൽ സമർപ്പിതരുടെ നന്മകൾ ധാരാളം സ്വീകരിക്കുന്നവരാണ് നമ്മളോരോരുത്തരും. നിങ്ങളുടെ ഇടവകയിലൊ സ്ക്കൂളിലൊ സമൂഹത്തിലൊ സമർപ്പിതർ ചെയ്യുന്ന സേവനങ്ങളെ പ്രശംസിച്ചുകൊണ്ടും ഉത്തരാധുനിക കാലഘട്ടത്തിൽ സമർപ്പിതർക്ക് സഭയിലുള്ള സ്ഥാനത്തെയും ഉത്തരവാദിത്വങ്ങളെയും ഓർമ്മിപ്പിച്ചുകൊണ്ടും ഒരു ലേഖനം തയ്യാറാക്കുക.

15. ഇന്റേണൽ അസ്സെസ്സ്മെന്റ് 10
കുട്ടികളുടെ വിശുദ്ധ കുർബാനയിലെ പങ്കാളിത്തം (3 മാർക്ക്), വേദപാഠ ക്ലാസ്സിലെ ഭാഗഭാഗിത്വം (3 മാർക്ക്), ഫാമിലി യൂണിറ്റിലെ ഭാഗഭാഗിത്വം (2 മാർക്ക്), ഭക്തസംഘടനയിലെ ഭാഗഭാഗിത്വം (1 മാർക്ക്), മതാദ്ധ്യാപകന്റെ വിലയിരുത്തൽ (1 മാർക്ക്) എന്നിവ കണക്കാക്കി അധ്യാപകർ 10-ൽ മാർക്ക് നൽകുന്നു.

# എറണാകുളം – അങ്കമാലി അതിരൂപത മതബോധനകേന്ദ്രം
## സൺഡേ സ്ക്കൂൾ ഒന്നാം സെമസ്റ്റർ പരീക്ഷ

**2 - 11 - 2014** | **STD - XI** | **മാർക്ക് – 50**
**10.30 am - 12.30 pm** | | **സമയം – 2 മണിക്കൂർ**

**ഒരുപേജിൽ കവിയാതെ ഉപന്യസിക്കുക (ഏതെങ്കിലും മൂന്നെണ്ണം)** **15**

**(അതാതു പാഠഭാഗവുമായി ബന്ധപ്പെടുത്തി വ്യക്തിപരമായ വിചിന്തനങ്ങളും ഉൾക്കാഴ്ചകളും സ്വാംശീകരിച്ച കാര്യങ്ങളും ചേർത്തുവച്ച് ഉത്തരങ്ങൾ എഴുതുക.)**

1. ക്ഷമാശീലനും കരുണാമയനുമായ ഈശോയുടെ ജീവിതമാതൃക വിവരിക്കുക. മാമ്മോദീസാവഴി ദൈവമക്കളായിത്തീർന്ന നമുക്കെങ്ങനെ ഈശോയുടെ ഈ ജീവിത മാതൃക അനുകരിക്കാൻ കഴിയും? നമുക്കു ചുറ്റും കാണുന്ന രോഗികളോടും ദുഃഖിതരോടും പാപികളോടും ഉള്ള നമ്മുടെ മനോഭാവം എങ്ങനെയായിരിക്കണമെന്ന് മതബോധന ക്ലാസ്സിലൂടെ നിങ്ങൾക്കു ലഭിച്ച ബോധ്യങ്ങൾ വിശദീകരിക്കുക ( അധ്യായം 3)
2. ക്രിസ്തീയ മനഃസാക്ഷി രൂപീകരണത്തിന് മാർഗദർശകമാകുന്ന ഘടകങ്ങൾ ഏവയെന്ന് വ്യക്തമാക്കുക. പ്രശ്നസങ്കീർണ്ണമായ ഇക്കാലത്ത് തിന്മ നന്മയായും നന്മ തിന്മയായും ചിത്രീകരിക്കപ്പെടാറുണ്ട്. ഇത്തരമൊരു സാഹചര്യത്തിൽ നന്മയേയും ക്രിസ്തീയ ദർശനങ്ങളേയും മുറുകെപ്പിടിച്ചു മുന്നേറാൻ വിശ്വാസപരിശീലനം എന്തുമാത്രം നിങ്ങളെ ശക്തിപ്പെടുത്തുന്നു? വിശദമാക്കുക (അധ്യായം 6)
3. മനുഷ്യജീവനും മനുഷ്യത്വത്തിനും വില കല്പിക്കുന്ന ജീവസംസ്കാരം വളർത്താനും പ്രചരിപ്പിക്കാനും ക്രൈസ്തവരായ നാം പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഏവ? ജീവനു ഭീഷണിയായ ലഹരി വസ്തുക്കളുടെ ഉപയോഗം കുട്ടികളുടെ ഇടയിൽ വർദ്ധിച്ചുവരുന്ന ഇന്നത്തെ സാഹചര്യത്തിൽ അവ ഉപയോഗിക്കാതിരിക്കാനും ഉപയോഗിക്കുന്നവരെ അതിൽനിന്ന് പിന്തിരിപ്പിക്കാനും നിങ്ങൾക്കുള്ള നിശ്ചയദാർഢ്യം വിശദമാക്കുക. (അധ്യായം 7)
4. നിരന്തരമായ പരിശീലനത്തിലൂടെ മാത്രമെ ക്രിസ്തീയ വ്യക്തിത്വത്തിൽ വളരാൻ നമുക്കു സാധിക്കുകയുള്ളൂ. അതിനു നാം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഏവ? ക്രിസ്തുവിന്റെ വ്യക്തിത്വം സ്വന്തമാക്കാൻ പരിശ്രമിച്ച് വിശുദ്ധ പദവിയിലേക്കെത്തിയ കേരളത്തിന്റെ സ്വന്തം വാഴ്ത്തപ്പെട്ട ചാവറയച്ചന്റേയും എവുപ്രാസ്യമ്മയുടേയും ജീവിതം നമുക്കു നൽകുന്ന പ്രചോദനം എന്ത്? വിവരിക്കുക. (അധ്യായം 4)

**ഖണ്ഡിക എഴുതുക (ഏതെങ്കിലും മൂന്നെണ്ണം)** **9**

**(പാഠഭാഗത്തെ ഉത്തരങ്ങളാണ് എഴുതേണ്ടത്)**

5. ഈശോ ദൈവപുത്രനാണെന്ന സത്യം വിശദമാക്കുക (അധ്യായം 1)
6. ഈശോയുടെ ചരിത്രപരതയ്ക്ക് ഉറപ്പുള്ള തെളിവാണ് ആദിമസഭാ സമൂഹത്തിന്റെ വിശ്വാസപ്രഘോഷണം. വ്യക്തമാക്കുക (അധ്യായം 2)

7. ക്രിസ്തീയ ജീവിത ദർശനത്തിന്റെ 'സ്വർഗദർശനതലം' വിശദമാക്കുക. (അധ്യായം 5)
8. മനഃസാക്ഷിയുടെപ്രാധാന്യം വ്യക്തമാക്കുക (അധ്യായം 6)

**ബൈബിൾ പഠനവും നമസ്ക്കാരങ്ങളും**

9. യോഹന്നാൻ 1:1 എഴുതുക. ''ആദിയിൽ....... 1 ½
10. 'എന്നെ അയച്ചവന്റെ ഇഷ്ടം പ്രവർത്തിക്കുകയും അവന്റെ ജോലി പൂർത്തിയാക്കുകയുമാണ് എന്റെ ഭക്ഷണം'. ഏത് അധ്യായം, എത്രാം വാക്യം? 1 ½
11 അവൻ വളരുകയും ഞാൻ കുറയുകയും വേണം'. (യോഹ.3/30) വിചിന്തനം എഴുതുക. 2
12. ദൈവകല്പനകൾ എഴുതുക. 2 ½
13. തിരുഹൃദയ ജപമാലയിലെ 'മിശിഹായുടെ ദിവ്യാത്മാവേ' തുടങ്ങി 'ഈശോയുടെ മാധുര്യമുള്ള തിരുഹൃദയമെ' വരെയുള്ള പ്രാർത്ഥന എഴുതുക. 2 ½

**പൊതുചോദ്യം (ഏതെങ്കിലും ഒരെണ്ണം) 6**

**ക്രിസ്തീയ കാഴ്ചപ്പാടിൽ നിന്നുകൊണ്ട് ഉചിതമായ രീതിയിൽ രണ്ടുപേജിൽ കവിയാതെ ഉപന്യാസം തയ്യാറാക്കുക.**

14. കുട്ടികളെ അടിക്കുന്ന മാതാപിതാക്കൾക്കെതിരെയും നിയമം കൊണ്ടുവരുന്ന ഗവൺമെന്റ് നടപടിയോടുള്ള നിങ്ങളുടെ പ്രതികരണം എന്ത്? തങ്ങളുടെ ഉള്ളും തങ്ങൾക്കുള്ളതു മുഴുവനും മക്കൾക്കായി അർപ്പിക്കുന്ന മാതാപിതാക്കൾ നിങ്ങളെ തല്ലുന്നത് ശിക്ഷയായിട്ടാണൊ അതൊ ശിക്ഷണമായിട്ടാണൊ അനുഭവപ്പെടുന്നത്? മാതാപിതാക്കളുടെ സ്നേഹം മനസിലാക്കാൻ കഴിയാതെ പോകുന്നുണ്ടോ? എവിടെയാണ് പ്രശ്നം? ക്രിസ്തീയ കാഴ്ചപ്പാടോടെ ഇതിനുത്തരം എഴുതുക.

15. ദൈവം ദാനമായി തന്ന ജീവിതം. ഒരിക്കൽ മാത്രമാണ് നമ്മൾ ഈ ലോകത്തിലായിരിക്കുന്നത്. മരണം എത്രത്തോളം അടുത്താണെന്ന് ആർക്കും പറയാനാവില്ല. അത്തരമൊരു സാഹചര്യത്തിൽ പണമുണ്ടാക്കാനും, അധികാരവും ഉന്നത പദവികളും ഉറപ്പിക്കാനും, സുഖലോലുപതയിൽ മുഴുകാനും, ആഢംബരവസ്തുക്കൾ വാങ്ങിക്കൂട്ടാനും പരക്കം പായുന്നവർ ജീവിക്കാൻ മറന്നു പോകുന്നുണ്ടോ? മനഃശാന്തി ലഭിക്കാൻ ഈ പരക്കം പാച്ചിലിന്റെ ആവശ്യമുണ്ടൊ? എന്താണ് പ്രധാനപ്പെട്ടത്, ഈ ജീവിതമോ, ഈ ജീവിതത്തെ അർത്ഥപൂർണ്ണമാക്കുന്ന സ്വർഗ്ഗരാജ്യമോ?നിങ്ങളുടെ ആശയങ്ങൾ പങ്കുവയ്ക്കുക.

**16. ഇന്റേണൽ അസ്സെസ്സ്മെന്റ് :** **10**

കുട്ടികളുടെ വിശുദ്ധ കുർബാനയിലെ പങ്കാളിത്തം (3 മാർക്ക്), വേദപാഠ ക്ലാസ്സിലെ ഭാഗഭാഗിത്വം (3 മാർക്ക്), ഫാമിലി യൂണിറ്റിലെ ഭാഗഭാഗിത്വം (2 മാർക്ക്), ഭക്തസംഘടനയിലെ ഭാഗഭാഗിത്വം (1 മാർക്ക്), മതാധ്യാപകന്റെ വിലയിരുത്തൽ (1 മാർക്ക്) എന്നിവ കണക്കാക്കി അധ്യാപകൻ 10-ൽ മാർക്ക് നൽകുന്നു.

# DEPARTMENT OF CATECHESIS
# ARCHDIOCESE OF ERNAKULAM – ANGAMALY
# SUNDAY SCHOOL – FIRST SEMESTER EXAMINATION

Date : 2. 11. 2014 | Marks : 50

10.30 am - 12.30 pm | Time : Two Hours

## STD - XI

**ANSWER KEY**

***Instructions:*** *Choices are given in some sections. Answer only those number of questions, given in brackets.*

**Write essays not exceeding one page each (Any three only) 3x5=15**

1. Chapter 3/25, 26
2. Chapter 6/48-50
3. Chapter 7/60, 61
4. Chapter 4/31, 32

**Write a paragraph (Any three only) 3x3=9**

**(The following answers should be purely based on text)**

5. Chapter 1/10
6. Chapter 2/19, 20
7. Chapter 5/37
8. Chapter 6/45

**Bible Study and Basic Catholic Prayers.**

9. Quote John 1:1. “In the beginning the Word already existed; the Word was with God, and the Word was God. **1½**
10. Jn. 4:34 **1½**
11. (Jn 3/30) Write the reflections. **2**
12. Little catechism Page 7 **2½**
13. Little catechism page 21, 22 **2½**

**General Questions**

**Write an essay not exceeding two pages (Any one only) 6**

**14. General Question**

**15. General Question**

**16. Internal Assessment** **10**

You get here 40 marks for questions and answers and ten marks for internal assessment. You are expected to mark the internal assessment from the beginning of the academic year (Ref. Vachanadeepam Page 34). As this is a model examination, on-line entry is not needed. However before 25th of January 2015, the percentage of attendance and Internal Assessment marks should be entered on-line.

# എറണാകുളം – അങ്കമാലി അതിരൂപത മതബോധനകേന്ദ്രം
## സൺഡേ സ്ക്കൂൾ ഒന്നാം സെമസ്റ്റർ പരീക്ഷ

10 - 11 - 2013
10.30 am - 12.30 pm

**STD - XI**

മാർക്ക് – 50
സമയം – 2 മണിക്കൂർ

**നിർദ്ദേശങ്ങൾ**

**ആദ്യത്തെ 4 ചോദ്യങ്ങൾ പാഠഭാഗത്തു നിന്നുള്ളവയാണ്. എന്നാൽ ഉത്തരങ്ങൾ അതേപടി എഴുതണം എന്ന് ഉദ്ദേശിക്കുന്നില്ല. ചോദ്യത്തിനനുസരിച്ച് അതാതു പാഠഭാഗവുമായി ബന്ധപ്പെടുത്തി വ്യക്തിപരമായ വിചിന്തനങ്ങളും ഉൾക്കാഴ്ചകളും സ്വാംശീകരിച്ച കാര്യങ്ങളും ചേർത്തുവച്ച് ഉത്തരങ്ങൾ എഴുതി തയ്യാറാക്കുക. അവസാനത്തെ 2 ചോദ്യങ്ങൾക്ക് (13 & 14) ക്രിസ്തീയ കാഴ്ചപ്പാടിൽ നിന്നുകൊണ്ട് ഉചിതമായ രീതിയിൽ ഉപന്യാസം തയ്യാറാക്കുക.**

**ഒരുപേജിൽ കവിയാതെ ഉപന്യസിക്കുക (ഏതെങ്കിലും മൂന്നെണ്ണം) 18**

1. ഈശോ ലോകരക്ഷകനാണെന്നു പറയുന്നതിന്റെ അർത്ഥമെന്ത്? വിവിധ മതവിഭാഗങ്ങളിൽപ്പെട്ട നമ്മുടെ സഹപാഠികൾക്ക് ഈ രക്ഷയുടെ അനുഭവം നമ്മൾ പകർന്നു നൽകുന്നതെങ്ങനെയെന്ന് വിവരിക്കുക. (അധ്യായം 1)
2. ഈശോ തിന്മയ്ക്കെതിരെ പോരാടിയ വ്യക്തിയാണ്. ഇന്ന് സമൂഹത്തിൽ കാണുന്ന തിന്മകൾ എന്തെല്ലാമെന്നും അവയ്ക്കുള്ള പരിഹാര മാർഗ്ഗങ്ങൾ ഏവയെന്നും നിർദ്ദേശിക്കുക. (അധ്യായം 3)
3. ക്രിസ്തീയ ജീവിതശൈലി സ്വന്തമാക്കുന്നവനിൽ പ്രകടമാകുന്ന സവിശേഷതകൾ ഏവ? അവ സ്വന്തമാക്കാൻ നിങ്ങൾ നടത്തുന്ന ശ്രമങ്ങൾ എന്തൊക്കെയെന്ന് വിവരിക്കുക (അധ്യായം 5)
4. ജീവനെതിരെയുള്ള പ്രധാന വെല്ലുവിളികൾ ഏവയെന്നു വ്യക്തമാക്കുക. ലഹരി വസ്തുക്കൾക്കടിമപ്പെട്ട ഒരു സഹപാഠിയെ നേരായ വഴിയിലേക്ക് കൊണ്ടുവരാൻ നിങ്ങൾക്കുള്ള സാധ്യതകൾ എന്തെല്ലാമെന്ന് വിശദമാക്കുക. (അധ്യായം 7)

**ഖണ്ഡിക എഴുതുക (ഏതെങ്കിലും രണ്ടെണ്ണം) 6**

5. ഈശോയുടെ ചരിത്രപരതയ്ക്ക് ഉറപ്പുള്ള തെളിവാണ് ആദിമസമൂഹത്തിന്റെ വിശ്വാസ പ്രഘോഷണം. വ്യക്തമാക്കുക. (2/20)
6. ഉത്തമ മനഃസാക്ഷി രൂപീകരണത്തിന്റെ ആവശ്യകത എന്തെന്ന് വിശദീകരിക്കുക. (6/44)

7. ‘ക്രിസ്ത്യാനി മറ്റൊരു ക്രിസ്തുവാണ്’ എന്നു പറയുന്നതിന്റെ അർത്ഥം വിശദമാക്കുക. (4/33, 34)

**ബൈബിൾ പഠനവും നമസ്കാരങ്ങളും.**

8. ‘‘ഇതാ ലോകത്തിന്റെ പാപം നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്.’’ ഏത് അധ്യായം, എത്രാം വാക്യം? 1½

9. യേശുവിന്റെ അമ്മ പരിചാരകരോട് പറഞ്ഞു ‘‘അവൻ നിങ്ങളോട് പറയുന്നത് ചെയ്യുവിൻ’’. (യോഹ 2:5) വിചിന്തനം എഴുതുക. 2

10. യൂദയായിൽ നിന്ന് ഗലീലിയിലേക്കു വന്നപ്പോൾ യേശു പ്രവർത്തിച്ച രണ്ടാമത്തെ അടയാളം എന്ത്? (യോഹ. 4:54) 1½

11. നല്ല കുമ്പസാരത്തിനുവേണ്ട കാര്യങ്ങൾ എഴുതുക. 2½

12. തിരുഹൃദയ ജപമാലയിലെ കാഴ്ചവയ്പ് പ്രാർത്ഥന എഴുതുക. 2½

**പൊതുചോദ്യങ്ങൾ**
**രണ്ടുപേജിൽ കവിയാതെ ഉപന്യസിക്കുക** 16

13. ‘അധ്വാനം ആരാധനയാണ്’ (Work is worship) എന്ന മഹാത്മജിയുടെ മൊഴികളും, ‘കഠിനാദ്ധ്വാനിയുടെ കരളിൽ കർത്താവിന്റെ കയ്യൊപ്പും കുടുംബത്തിൽ കെടാത്ത കൃപാദീപങ്ങളും കണിശമായുണ്ടാകും’ എന്ന ഉദ്ബോധനവും അധ്വാനത്തിന്റെ മഹനീയത വെളിവാക്കുന്നു. എളുപ്പ വഴിയിൽ പണം നേടാനുള്ള പ്രവണത വർദ്ധിച്ചുവരുന്ന ഈ കാലഘട്ടത്തിൽ അധ്വാനത്തോടുള്ള നിങ്ങളുടെ കാഴ്ചപ്പാട് വിശദമാക്കുക.

14. ‘‘സഭ നമുക്കോരോരുത്തർക്കും നമ്മുടെ സ്വന്തം അമ്മമാരെപ്പോലെയാണ്. അമ്മയെപ്പോലെ സഭയും നമുക്ക് ജീവൻ സമ്മാനമായി നൽകുകയാണ്.’’ - ഫ്രാൻസീസ് പാപ്പ. കത്തോലിക്കൻ സഭയിൽ അംഗമായിരിക്കുന്നത് ഒരു പാർട്ടിയിലോ കമ്പനിയിലോ സംഘടനയിലോ അംഗമായിരിക്കുന്നതുപോലെയല്ല. അതൊരു സ്റ്റാറ്റസ് സിമ്പലല്ല. വിശ്വാസം വ്യക്തിപരമാണെങ്കിലും അത് പൂർണ്ണത പ്രാപിക്കുന്നത് സഭയാകുന്ന അടിത്തറയിൽ നിൽക്കുമ്പോഴാണ്. വിശദീകരിക്കുക. ഒപ്പം നമ്മുടെ മനോഭാവത്തിൽ വരുത്തേണ്ട മാറ്റങ്ങളും.

## എറണാകുളം – അങ്കമാലി അതിരൂപത മതബോധനകേന്ദ്രം
## സൺഡേ സ്കൂൾ – ഒന്നാം സെമസ്റ്റർ പരീക്ഷ

06-11-2011
സമയം: 2 മണിക്കൂർ

**STD XI**
**PART - A**

മാർക്ക് : 50
10.30 am - 12.30 pm

**ഒറ്റവാക്കിൽ ഉത്തരം പറയുക** 2½

1. ഈശോയുടെ വ്യക്തിപ്രഭാവത്തിന്റെ മുഴുവൻ അടിസ്ഥാനമായി നിൽക്കുന്നതെന്ത്?
2. ഒരു വ്യക്തിയുടെ കാഴ്ചപ്പാടുകളെ മുഴുവൻ നിയന്ത്രിക്കുന്ന ഘടകം?
3. ക്രിസ്തുവിൽ വിശ്വസിച്ചവർ ആദ്യമായി ക്രിസ്ത്യാനികൾ എന്നു വിളിക്കപ്പെട്ടതെവിടെ വച്ച്
4. മനഃസാക്ഷിയെ നന്മയിൽ നിലനിർത്തുന്ന നിർണായക ശക്തി?
5. ഉപവി പ്രവർത്തനങ്ങളുടെ മധ്യസ്ഥൻ?

**ബ്രാക്കറ്റിൽ നിന്നും ഏറ്റവും ശരിയായ ഉത്തരം എടുത്തെഴുതുക** 2½

6. 'നസ്രായനായ ഈശോയെ എന്റെ രക്ഷകനാണെന്നു കണ്ടെത്തിയതാണ് എന്റെ ജീവിതത്തിലെ ഏറ്റവും വലിയ കണ്ടുപിടുത്തം'"
(സോക്രട്ടീസ്, വി.പൗലോസ്, വില്യം ആമ്പിയർ)
7. 'നിരപരാധികളെ വധിക്കാൻ അനുവദിക്കുന്ന ഒരു രാഷ്ട്രം ഒരിക്കലും ലോകത്തിൽ ഒന്നാമതാകില്ല'
(വി.ജാന്ന ബെറേത്തമോള, മദർ തെരേസ, മഹാത്മഗാന്ധി)
8. 'ഞാൻ വഴിയും സത്യവും ജീവനുമാണ്'
(യോഹ 14:6, യോഹ 8:32, യോഹ 18:37)
9. ക്രിസ്തീയ വ്യക്തിത്വത്തിന്റെ അടയാളം
(ദൈവസ്നേഹം, സേവനതൽപരത, പരസ്നേഹം)
10. യഹൂദരുടെ നിയമസംഹിതയും വ്യാഖ്യാനവുമടങ്ങിയ ഗ്രന്ഥം
(താൽമൂദ്, യഹൂദ പൗരാണികത്വം, അനൽസ്)

**രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരം പറയുക** 4

11. ഈശോ നമ്മുടെ രക്ഷകനായിത്തീരുന്നതെപ്പോൾ?
12. വ്യക്തിത്വത്തിന്റെ ബാഹ്യവും ആന്തരീകവുമായ ഘടകങ്ങൾ ഏവ?

**ഒരു പേജിൽ കവിയാതെ ഉത്തരമെഴുതുക (ഏതെങ്കിലും രണ്ടെണ്ണം)** 8

13. ഉത്തമ മനഃസാക്ഷി രൂപീകരണത്തിന്റെ ആവശ്യകത എന്ത്?
14. ജീവസംസ്ക്കാരം വളർത്താനും പ്രചരിപ്പിക്കാനും ക്രൈസ്തവരായ നാം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഏതെല്ലാം?
15. ക്രിസ്തീയ ജീവിതശൈലി സ്വന്തമാക്കുന്ന വ്യക്തിയിൽ പ്രകടമാകുന്ന പ്രത്യേകതകൾ ഏവ?

**രണ്ടു പേജിൽ കവിയാതെ ഉപന്യസിക്കുക** 6

16. ഈശോയുടെ വ്യക്തിത്വത്തിന്റെ പ്രധാനപ്പെട്ട ഭാവങ്ങൾ മനസ്സിലാക്കുവാൻ സഹായിക്കുന്ന അവിടുത്തെ വ്യക്തിത്വ സവിശേഷതകൾ വിശദമാക്കുക.

**PART - B**

17. വിശ്വസിക്കുന്ന ഏവരേയും രക്ഷയിലേക്കു നയിക്കുന്ന ദൈവികശക്തി എന്ത്? 1
18. വിശ്വസിക്കുന്ന എല്ലാവർക്കും, ആരെന്നുള്ള വ്യത്യാസം കൂടാതെ യേശു ക്രിസ്തുവിലുള്ള വിശ്വാസം വഴി ലഭിക്കുന്നതെന്ത്? 1
19. ജോലി ചെയ്യുന്നവന്റെ കൂലി കണക്കാക്കപ്പെടുന്നത് ദാനമായിട്ടല്ല. പിന്നെ എന്തായിട്ടാണ്? 1
20. ബൈബിളിൽ നിന്ന് ഉദ്ധരിക്കുക. റോമ 2:6 (എന്തെന്നാൽ ഓരോരുത്തർക്കും...) 1
21. ബൈബിളിൽ നിന്ന് ഉദ്ധരിക്കുക. റോമ 2:10 (എന്നാൽ നന്മ പ്രവർത്തിക്കുന്ന.....) 1
22. മനസ്താപ പ്രകരണം എഴുതുക 3
23. സത്യസഭയുടെ ലക്ഷണങ്ങൾ ഏവ? 2

**ഒരു പേജിൽ കവിയാതെ വിശകലനം ചെയ്യുക** 6

24. ക്രിസ്തീയ വ്യക്തിത്വം രൂപപ്പെടുത്തുവാൻ വിശ്വാസപരിശീലനം സഹായകമാണ്.
25. മനുഷ്യജീവനും മനുഷ്യത്വത്തിനും വിലകല്പിച്ചുകൊണ്ട് അനുദിന ജീവിതത്തിൽ അപരന്റെ കാവൽക്കാരനാകാൻ ഓരോ ക്രൈസ്തവനും കഴിയണം.

**26. രണ്ടു പേജിൽ കവിയാതെ ഉപന്യസിക്കുക** 6

'സ്നേഹപൂർവ്വം മറ്റുള്ളവരെ പരിചരിക്കുവാൻ നമ്മുടേതല്ലാതെ ക്രിസ്തുവിന് കൈകൾ ഇല്ല.' ക്രിസ്തുവിന്റെ അനുയായികളായ നിങ്ങൾക്ക് ഏതെല്ലാം വിധത്തിൽ കാരുണ്യത്തിന്റെ കൈകളാകാൻ കഴിയും എന്ന് വിശദമാക്കുക.

**27. ഇന്റേണൽ അസെസ്സ്മെന്റ്** 5

ഓരോ വിദ്യാർത്ഥിയുടേയും കൗദാശിക ജീവിതം, ദേവാലയത്തിലെ പെരുമാറ്റം, അച്ചടക്കം, സ്വഭാവവിശേഷതകൾ, സേവനമനോഭാവം, സാമുഹ്യപ്രതിബദ്ധത, മതബോധനത്തിനോടുള്ള താല്പര്യം, മാനസിക പക്വത, ഇവയെല്ലാം വിലയിരുത്തി അധ്യാപകൻ മാർക്ക് നൽകുന്നു.

# എറണാകുളം – അങ്കമാലി അതിരൂപത മതബോധനകേന്ദ്രം
# സൺഡേ സ്കൂൾ – ഒന്നാം സെമസ്റ്റർ പരീക്ഷ

06-11-2011 മാർക്ക് : 50
സമയം: 2 മണിക്കൂർ 10.30 am - 12.30 pm

## STD XI
### ഉത്തരസൂചിക

## PART - A

**ഒറ്റവാക്കിൽ ഉത്തരം പറയുക** 2½

1. ദൈവപുത്രത്വം 3/23
2. ജീവിതദർശനം 5/35
3. അന്ത്യോക്യ 2/20
4. പരിശുദ്ധാത്മവ് 6/47
5. വി.വിൻസന്റ് ഡി പോൾ 4/33

**ബ്രാക്കറ്റിൽ നിന്നും ഏറ്റവും ശരിയായ ഉത്തരം എടുത്തെഴുതുക** 2½

6. വില്യം ആമ്പിയർ 1/19
7. മദർ തെരേസ 7/52
8. യോഹ. 14:6 3/24
9. പരസ്നേഹം 5/37
10. താൽമൂദ് 2/17

**രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക** 4

11. 1/13
12. 4/29

**ഒരു പേജിൽ കവിയാതെ ഉത്തരമെഴുതുക (രണ്ടെണ്ണം)** **8**

13. 6/44
14. 7/54
15. 5/39 - 40

**രണ്ടു പേജിൽ കവിയാതെ ഉപന്യസിക്കുക** 6

16. 3/23 - 27

## PART - B

17. സുവിശേഷം (റോമ 1/16) 1
18. ദൈവനീതി (റോമ 3/22) 1
19. അവകാശമായി (റോമ 4/4) 1
20. റോമ 2/6 1
21. റോമ 2/10 1
22. നമസ്കാരങ്ങൾ 3
23. നമസ്കാരങ്ങൾ 2

**ഒരു പേജിൽ കവിയാതെ വിശകലനം ചെയ്യുക**

24, 25 പൊതുചോദ്യം 6

**26. രണ്ടു പേജിൽ കവിയാതെ ഉപന്യസിക്കുക**
പൊതുചോദ്യം 6

**27. ഇന്റേണൽ അസെസ്സ്മെന്റ് (വചനദീപം പേജ് 50 കാണുക)** 5
ഓരോ വിദ്യാർത്ഥിയുടേയും കൗദാശിക ജീവിതം, ദേവാലയത്തിലെ പെരുമാറ്റം, അച്ചടക്കം, സ്വഭാവവിശേഷതകൾ, സേവനമനോഭാവം, സാമുഹ്യപ്രതിബദ്ധത, മതബോധനത്തിനോടുള്ള താല്പര്യം, മാനസിക പക്വത, ഇവയെല്ലാം വിലയിരുത്തിയശേഷം വികാരിയച്ചന്റെ അംഗീകാരത്തോടുകൂടി അധ്യാപകൻ മാർക്ക് നൽകേണ്ടതാണ്. മാർക്കിടേണ്ട മാനദണ്ഡം Excellent-5, Very good 4-5, Good 3-4, Average 2-3, Below Average 1-2